KSFESA C I T U

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottapuram Road, Thrissur - 4
(Affiliated to C.I.T.U.No.K. 1128)
Email : ksfesacitusc@gmail.com, Web : www.ksfesa.com

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**

## സർക്കുലർ 11/2018

സഖാക്കളെ,

29-6-2018 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 ന് മാനേജ്മെന്റും വർക്ക്മെൻ സംഘടനാ പ്രതിനിധികളുമായി ചർച്ച നടന്നു. 'പ്രവാസി ചിട്ടികളും അനുബന്ധ കാര്യങ്ങളും' എന്ന വിഷയത്തിലാണ് ചർച്ച വിളിച്ചത്. 13-6-2018 ന് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത ചർച്ചയിൽ ജീവനക്കാരുടെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ യോഗം വിളിക്കണമെന്ന് നാം ആവശ്യപ്പെട്ടിരുന്നു. തൊഴിലാളി വിരുദ്ധമായ 2/18 സർക്കുലർ റദ്ദ് ചെയ്യണമെന്നും നാം ആവശ്യപ്പെട്ടിരുന്നു. നമ്മുടേത് ഒറ്റപ്പെട്ട ആവശ്യമായി മാറുകയും ഓഫീസർ സംഘടനകൾ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തെങ്കിലും, പ്രസ്തുത വിഷയം 29-ാം തീയതി വിശദമായി ചർച്ചചെയ്യാമെന്നും അതുവരെ പ്രസ്തുത സർക്കുലർ വ്യവസ്ഥകൾ നടപ്പാക്കുക യില്ലെന്നും മാനേജ്മെന്റ് അറിയിച്ചിരുന്നു.

അതുകൊണ്ട് തന്നെ 29-ാം തീയതി നടന്ന ചർച്ചയിൽ 2/18 സർക്കുലർ റദ്ദ് ചെയ്യണമെന്നും അത് സംബന്ധിച്ച മാനേജ്മെന്റ് നിലപാട് അറിഞ്ഞതിനുശേഷം മാത്രമേ ചർച്ച തുടരാൻ താത്പര്യമുള്ളൂവെന്നും നാം അറിയിച്ചു. MOP-യിലോ standing order-ലോ ഇല്ലാത്ത വ്യവസ്ഥകൾ വർക്ക്മെൻ ജീവനക്കാരുടെ മേൽ കെട്ടിവയ്ക്കാൻ അനുവദിക്കുകയില്ലെന്നും നാം അറിയിച്ചു. 2/18 സർക്കുലർ പുനഃപരിശോധിച്ച് പുതിയ സർക്കുലർ പ്രസിദ്ധീകരിക്കുമെന്നും അതുവരെ സർക്കുലർ നിർദ്ദശങ്ങൾ നടപ്പാക്കുകയില്ലെന്നും മാനേജ്മെന്റ് അറിയിച്ചു. ചർച്ചയുടെ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തി നൽകണമെന്ന് നാം ആവശ്യപ്പെട്ടു. ബാധ്യ തയുടെ 50% വർക്ക്മെൻ ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ള വ്യവസ്ഥ തന്റെ അറിവിൽ ഒരു ബാങ്കിലും ഇല്ലെന്ന് മാനേജിംഗ് ഡയറക്ടർ നമ്മുടെ ചോദ്യത്തിന് ഉത്തരമായി അറിയിച്ചു.

തുടർന്ന് ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും ചുവടെ കൊടുക്കുന്ന മറ്റു പ്രശ്നങ്ങൾ നാം അവതരിപ്പിച്ചു.

1. PTS ജീവനക്കാർക്ക് gum boot -ഉം ഗ്ലൗസും നൽകാമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല.
   മാനേജ്മെന്റിന്റെ മറുപടി: എത്രയും വേഗം ഈ ഉറപ്പ് പാലിക്കും.
2. കഴിഞ്ഞ ശമ്പള പരിഷ്കരണക്കരാറിൽ മിനിമം Fitment Benefit 1200 രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ 2012 ജൂലായ് മാസത്തിന് ശേഷം സർവീസിൽ പ്രവേശിച്ച ജീവനക്കാർ Fitment Benefit ന് അർഹരല്ലാത്തതിനാൽ, കൈപ്പറ്റിയ ഇടക്കാലാശ്വാസ തുകയിൽ നിന്നും ഒരു ഭാഗം തിരിച്ചു പിടിക്കുന്ന സ്ഥിതി ഉണ്ടായി. ഈ സ്ഥിതി ഒഴിവാക്കണമെന്ന ആവശ്യം ഇതുവരെയും പരിഗണിക്കാതിരുന്നതിലു ള്ള പ്രതിഷേധം നാം അറിയിച്ചു.
   മാനേജ്മെന്റിന്റെ മറുപടി: മാനേജ്മെന്റ് ഈ വിഷയം പരിശോധിച്ചു. 7.50 ലക്ഷം രൂപയുടെ ബാധ്യത യുണ്ടാകുമെന്നാണ് കാണുന്നത്. കരാറിലോ സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലെങ്കിലും അടിസ്ഥാന വിഭാഗം തൊഴിലാളികളുടെ ഈ ആവശ്യം ന്യായമാണെന്നു മാനേജ്മെന്റ് മനസ്സിലാക്കുന്നു. അടുത്ത ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കാമെന്നും അറിയിച്ചു.

3. കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ ശമ്പളം നിശ്ചയിച്ചതുമായി ബന്ധപ്പെട്ട പരാതികൾ അടിയന്തിരമായി പരിഹരിക്കണമെന്ന ആവശ്യം. ഇക്കാര്യത്തിൽ ജീവനക്കാരുടെ വ്യക്തിഗത പരാതികൾക്ക് മറുപടി പോലും നൽകാതെ കെട്ടിവച്ചിരിക്കുന്ന സമീപനം തിരുത്തണം.
മാനേജ്മെന്റിന്റെ മറുപടി: പുതുക്കിയ ശമ്പളം നിശ്ചയിക്കൽ, ഓപ്ഷൻ സംബന്ധമായ പരാതികൾ എന്നിവ പരിശോധിച്ച് ഒരു മാസത്തിനകം പരിഹരിക്കും.

4. ശമ്പള പരിഷ്കരണ ചർച്ച വിളിച്ചുചേർത്ത് ശമ്പളം പരിഷ്കരിക്കുക.
മാനേജ്മെന്റിന്റെ മറുപടി: ചർച്ച ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി ഉടൻ തേടും. അനുമതി ലഭിച്ചാലുടൻ ചർച്ച വിളിയ്ക്കാമെന്നും അറിയിച്ചു.

5. ജീവനക്കാരുടെ കലാസാംസ്കാരിക സംഘടനയായ FESCA (Financial Enterprises Staff Cultural Association) അടിയന്തിരമായി പുനഃസ്ഥാപിക്കണമെന്ന് നാം ആവശ്യപ്പെട്ടു.
മാനേജ്മെന്റിന്റെ മറുപടി: വളരെ നല്ല നിർദ്ദേശമാണ്. സംഘടനകളുമായി കൂടിയാലോചിച്ച് FESCA പുനഃസ്ഥാപിക്കുന്നതാണ്.

6. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് സ്വയം നവീകരിച്ചുകൊണ്ടും മെച്ചപ്പെട്ട സേവനങ്ങൾ ഉപഭോക്താവിന് നൽകിക്കൊണ്ടും സമഗ്രമായ പുനഃസംഘടന നടത്തിയും സ്ഥാപനം മുന്നോട്ട് പോകണമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ യാതൊരു ശാസ്ത്രീയ പഠനത്തിന്റെയും പിൻബലമില്ലാതെയും, സ്ഥാപനത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കാതെയുമുള്ള പുനഃസംഘടന അംഗീകരിക്കാനാകില്ല. സംഘടനകളുമായി ചർച്ച ചെയ്ത് സമവായം ഉണ്ടാക്കാതെ പുനഃസംഘടനയുമായി മുന്നോട്ട് പോകരുതെന്ന് നാം ആവശ്യപ്പെട്ടു. ഒരു സ്ഥാപനം അതിന്റെ പശ്ചാത്തല സൗകര്യം ശക്തിപ്പെടുത്തി, ശാഖകളെ ആകർഷകമാക്കി, മെച്ചപ്പെട്ട സേവനം ഇടപാടുകാർക്ക് ഉറപ്പു വരുത്തി, ആധുനിക സാങ്കേതിക വിദ്യ നടപ്പാക്കി, ബിസിനസ് പദ്ധതികളെ നവീകരിച്ച്, ഞങ്ങൾ മാറിയിരിക്കുന്നു എന്ന സന്ദേശം നൽകുന്നതിനായി ലോഗോ മാറ്റാറുണ്ട്. ഒരു മാർക്കറ്റിംഗ് തന്ത്രം മാത്രമാണ് ലോഗോ മാറ്റം. എന്നാൽ ഇവിടെ ചിട്ടിയിലോ വായ്പാ പദ്ധതിയിലോ ഒരുValue addition -ഉം നടപ്പാക്കിയിട്ടില്ല. വിവരസാങ്കേതിക വിദ്യ ആറാം തലമുറയിലേക്ക് കടക്കുമ്പോൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ അതിനൂതന സാങ്കേതിക വിദ്യകളിലൂടെ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ സ്വയം നവീകരിക്കപ്പെടുമ്പോൾ, നാം അതിദയനീയമാംവണ്ണം പിന്നിലാണ്. ഇതൊന്നും പരിഹരിക്കാതെയുള്ള ലോഗോ മാറ്റം തലതിരിഞ്ഞ ബിസിനസ് തന്ത്രമാണ്. ഇത് കുതിരയ്ക്ക് മുന്നിൽ വണ്ടികെട്ടുന്ന നടപടിയാണെന്ന വിമർശനം നാം ഉന്നയിച്ചു. കൂടാതെ പുതിയ ലോഗോയ്ക്ക് OSYPYN, Renault എന്നീ കമ്പനികളുടെ ലോഗോയുമായി കടുത്ത സാദൃശ്യമുണ്ട്. പരിസ്ഥിതി സൗഹൃദ നടപടികളുമായി കേരളാ സർക്കാർ മുന്നോട്ട് പോകുമ്പോൾ നാട്ടിലാകെ കൂറ്റൻ ഫ്ളക്സ് ബോർഡുകൾ വയ്ക്കാനുള്ള മാനേജ്മെന്റ് നിർദ്ദേശം പ്രതിലോമകരമാണെന്നും തിരുത്തൽ നടപടികൾ ആവശ്യമാണെന്നും നാം ചൂണ്ടിക്കാട്ടി.
കുടിശ്ശിക നിയന്ത്രിക്കുന്നതിനും വായ്പാ പദ്ധതികൾ ശക്തിപ്പെടുത്താനും നടപടികളുണ്ടാകണം. പൊള്ളച്ചിട്ടി ചെയ്യുന്നവർക്കെതിരെ അച്ചടക്ക നടപടിയുണ്ടാകണം. സ്വർണ്ണവായ്പാ പദ്ധതി ശക്തിപ്പെടുത്തണം. ജീവനക്കാരെ വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകണമെന്നും നാം ആവശ്യപ്പെട്ടു.
മാനേജ്മെന്റിന്റെ മറുപടി: KSFE യുടെ ബിസിനസ് ആകെ പരിശോധിച്ച് ഫലപ്രദമായ ബിസിനസ് തന്ത്രങ്ങൾ ആവിഷ്കരിച്ച്, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിന്, Business Process Re-Engineering നടപ്പാക്കും. വായ്പാ പദ്ധതികൾ ശക്തിപ്പെടുത്താനും കുടിശ്ശിക നിയന്ത്രിക്കാനും ശക്തമായ നടപടി സ്വീകരിക്കും. പൊള്ളച്ചിട്ടികൾ നിയന്ത്രിക്കാൻ നടപടിയുണ്ടാകും. 25,000 കോടി രൂപയുടെ സ്വർണ്ണപണയ ബിസിനസ് കേരളത്തിൽ നടക്കുമ്പോൾ KSFE യുടേത് 700 കോടി മാത്രമാണെന്ന പ്രശ്നം ഗൗരവമായി പരിശോധിക്കും. പരിഹാരനടപടികളുമുണ്ടാകും.

പ്രവാസി ചിട്ടിയിൽ വരിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പടിപടിയായി ആഭ്യന്തര ചിട്ടി വരിക്കാർക്കും നൽകും. DDFS സംവിധാനം ആഭ്യന്തരചിട്ടിയിലും നടപ്പാക്കും. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ KSFEയ്ക്ക് ലിങ്ക് നൽകിക്കൊണ്ട്, KSFEയ്ക്ക് നേരിട്ടുതന്നെ കുടിക്കട സർട്ടിഫിക്കറ്റ് എടുക്കാനുള്ള സൗകര്യം ഉണ്ടാക്കും. സംഘടനകളുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കിയതിനുശേഷം മാത്രമേ പുനഃസംഘടന നടപ്പാക്കുകയുള്ളൂ. അന്തർദ്ദേശീയ നിലവാരമുള്ള ഏജൻസിയാണ് ലോഗോ രൂപകൽപന ചെയ്തത്. ഈ ലോഗോയ്ക്ക് മറ്റു കമ്പനികളുടെ ലോഗോയുമായി സാദൃശ്യമുണ്ടെന്ന വിമർശനം പരിശോധിക്കും.

അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രൊമോഷൻ, വർക്ക്മെൻ ജീവനക്കാരുടെ സ്ഥലമാറ്റം എന്നിവ ഉടൻ നടപ്പിലാക്കും. ജീവനക്കാരുടെ കൺഫർമേഷൻ, ഗ്രേഡ് പ്രൊമോഷനുകൾ എന്നിവ നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്കുള്ള ഉപഹാരം അടുത്ത ഡയറക്ടർ ബോർഡ് യോഗം ചർച്ച ചെയ്തതിനുശേഷം നൽകുമെന്നും മാനേജ്മെന്റ് അറിയിച്ചു.

പുത്തൻതലമുറ സാങ്കേതിക വിദ്യയും സോഷ്യൽമീഡിയാ രംഗത്തെ ആധുനിക പ്രവണതകളും സങ്കേതങ്ങളും പ്രചരണോപാധികളും സമഗ്രമായി യോജിപ്പിച്ചുകൊണ്ടാണ് പ്രവാസി ചിട്ടിയ്ക്ക് രൂപം കൊടുത്തിരിക്കുന്നതെന്ന് മാനേജ്മെന്റ് അറിയിച്ചു. പൂർണ്ണമായും Online Platform -ൽ നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ് പ്രവാസിചിട്ടി. ഈ പദ്ധതി വിജയിച്ചാൽ KSFE യുടെ ബിസിനസ് രംഗത്ത് വൻ വളർച്ചയുണ്ടാകും. കേരളവികസനത്തിന്റെ നിർണായക ചാലക ശക്തിയായി KSFEയെ സർക്കാർ ഉയർത്തി അവതരിപ്പിച്ചിരിക്കുകയാണ്. KSFE ജീവനക്കാരുടെ അഭിമാനം ഉയർത്തുന്ന ഈ പദ്ധതി വിജയിപ്പിക്കാൻ ജീവനക്കാർ രംഗത്തിറങ്ങണമെന്ന് മാനേജ്മെന്റ് അഭ്യർത്ഥിച്ചു. വിർച്ച്വൽ ശാഖയിൽ മാത്രമായി ഇതിന്റെ പ്രവർത്തനം ചുരുക്കാൻ പാടില്ലെന്നും എല്ലാ ശാഖകളിലും പ്രവാസിസംഗമങ്ങൾ ചേരണമെന്നും മാനേജ്മെന്റ് അഭ്യർത്ഥിച്ചു. KSFEയുടെ 'Re-launching' എന്ന ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന സർക്കാരിന്റെ കർമ്മപദ്ധതിയ്ക്ക് എല്ലാവിധ പിന്തുണയും നാം വാഗ്ദാനം ചെയ്തു.

സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും പ്രശ്നങ്ങളെ വളരെ ഗൗരവമായാണ് മാനേജ്മെന്റ് വീക്ഷിക്കുന്നതെന്നുള്ളതിന്റെ നിദർശനമായിരുന്നു ചർച്ചയിൽ മാനേജ്മെന്റിന്റെ പ്രാതിനിധ്യം. ചർച്ചയിൽ മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർമാർ, P & HR ചുമതലയുള്ള AGM, കമ്പനി സെക്രട്ടറി കൂടാതെ ഡയറക്ടർ ബോർഡ് അംഗങ്ങളായ സർവ്വശ്രീ. ഡോ. പി.സി. ഉണ്ണികൃഷ്ണൻ, അഡ്വ. വി.കെ. പ്രസാദ്, അഡ്വ. റജി സക്കറിയ എന്നിവരും പങ്കെടുത്തു. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ഒഴികെയുള്ള ഭാരവാഹികൾ പങ്കെടുത്തു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
03/07/2018

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

# കെ.എസ്.എഫ്.ഇ.
# സ്റ്റാഫ് അസോസിയേഷൻ
## (സിഐടിയു)

# 29-ാം സംസ്ഥാന സമ്മേളനം

**2018 ജൂലൈ 28, 29**
**(ശനി, ഞായർ)**

## സ. അനില, സ. മധു നഗർ
**(ബെയ്ത് കൺവെൻഷൻ സെന്റർ)**
**കളമശ്ശേരി, എറണാകുളം**

## വർഗ്ഗീയതയ്ക്കെതിരെ
## വർഗ്ഗ ഐക്യം

## വർഗ്ഗീയത തുലയട്ടെ